**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 370** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി മേഖലയിൽ നൂതന സാങ്കേതികവിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിന് നടത്തിയ ഇടപെടൽ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ വഴി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. ഇവിടം കേന്ദ്രീകരിച്ച് നടത്തിയ പരിശോധനകളിൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുന്നതിന് നടത്തിയ ഇടപെടൽ കാര്യക്ഷമമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>മത്സ്യഫെഡ്:-</u>** എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിംഗ് പ്ലാന്റിൽ നിന്നും വിവിധതരം മത്സ്യ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ (ചെമ്മീൻ, ചൂര, ഓലക്കോടി, കണവ എന്നിവയുടെ അച്ചാറുകൾ) കട്ലറ്റ് തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾ കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ സാങ്കേതിക സഹായത്തോടെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ സ്വയംസഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി ടു ഈറ്റ് & റെഡി ടു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നീ മത്സ്യ ഉൽപ്പന്നങ്ങളും വിപണനം ചെയ്തുവരുന്നു. ഇവ വിവിധ ജില്ലകളിൽ സ്ഥാപിച്ച ഫിഷ് മാർട്ടുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഉൽപ്പന്നങ്ങൾക്ക് വ്യാപകമായ സ്വീകാര്യത ഉപഭോക്താക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ടി ഉൽപ്പന്നങ്ങൾ ഓൺലൈൻ ആയി |

കെ-ഷോപ്പിൽ (ഗവൺമെന്റ് ഓൺലൈൻ പ്ലാറ്റ്ഫോം) കൂടി വില്പനയും ആരംഭിച്ചിട്ടുണ്ട്.

**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ:-</u>** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യ സംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത് 'ഡ്രിഷ് കേരള' (DRISH KERALA) എന്ന ബ്രാന്റിൽ വളരെ കാര്യക്ഷമമായി തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചു വരുന്നു. ഇത് സംബന്ധിച്ച വിലയിരുത്തലുകൾ വകുപ്പുതല മീറ്റിംഗുകളിൽ നടത്തിയിട്ടുണ്ട്.

**<u>സാഫ്:-</u>** സാഫിന്റെ നിയന്ത്രണത്തിൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുന്ന സാഫ് യൂണിറ്റുകൾ മൽസ്യം ഹാർബറിൽ നിന്നും നേരിട്ട് ശേഖരിച്ച് ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കുകയാണ് ചെയ്യുന്നത്. ടി ഉൽപ്പന്നങ്ങൾ ആകർഷകമായ പാക്കിംഗിലും ലേബലുകളിലും തീരമൈത്രി ബ്രാന്റിൽ ലഭ്യമാക്കുന്നു. Prawns, Angovy, Sole Fish, Lizard fish, Shark, Silverbellyഎന്നീ ഉണക്കമത്സ്യങ്ങൾ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യിൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. മറ്റ് മത്സ്യ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ Fish Pickle, Clam Processing, Prawns pickle, Tuna Pickle, Squid Pickle, Prawns Chutney Powder, Prawns ready to cook, Anchovy ready to cook, Dry Fish Roast, Fish mixture, Fish finger, Fish cutlet എന്നിവയും യൂണിറ്റുകൾ തയ്യാറാക്കി വരുന്നു. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി ആന്റ് ട്രെയിനിംഗ് (NIPHAT) എന്നീ ഏജൻസികൾ മുഖേന വിവിധ പരിശീലനങ്ങൾ യൂണിറ്റുകൾക്ക് നൽകിവരുന്നു.

ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസ് സംവിധാനം കൊണ്ടുവരുന്നതിനുള്ള ആദ്യപടിയായി സാഫിന്റെ സഹായത്തോടെ യൂണിറ്റുകൾ സ്വന്തം നിലയ്ക്ക് QR code, UPI Payment, Online/ Home Delivery, Social media തുടങ്ങിയ സംവിധാനങ്ങളിലൂടെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽസ് ചെയ്ത് വരുന്നു.

| | | | |
|---|---|---|---|
| (ബി) | മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>മത്സ്യഫെഡ് : -</u>** മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ 30 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമായി 520 ലക്ഷം രൂപ അടങ്കൽ തുകയിൽ സ്ഥാപിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്. ഇവിടെ 32-ൽ അധികം പേർക്ക് പ്രത്യക്ഷമായി തൊഴിലവസരം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ എന്നിവയിലും പ്രത്യക്ഷമായി തൊഴിൽ അവസരങ്ങൾ സാദ്ധ്യമാകുന്നുണ്ട്.<br><br>**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ :-</u>** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിലുള്ള മത്സ്യ സംസ്കരണ യൂണിറ്റിൽ പ്രത്യേകം പരിശീലനം നൽകിയ വനിതകൾ മുഖേനയാണ് മത്സ്യം സംസ്കരിക്കുന്നതും പാക്കിംഗ് നടത്തി വരുന്നതും. കൂടാതെ കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ "ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, കേന്ദ്ര ധനസഹായത്തോടെ Climate Resilient Coastal Fishermen Villages [CRCFV] 2024-25 എന്നീ പദ്ധതികളിൽ മത്സ്യത്തൊഴിലാളി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>കൊല്ലം ആസ്ഥാനമാക്കിയുള്ള ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ സൗരോർജ്ജ ഡ്രയറിൽ വിവിധയിനം മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളാക്കി വിവിധ സാങ്കേതിക |

സഹായത്തോടെ ഗുണഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' (DRISH KERALA) എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ച് വരുന്നു. കൂടാതെ വിവിധയിനം മത്സ്യ അച്ചാറുകളും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും തദ്ദേശ വിപണികളിൽ എത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് പ്ലാന്റിൽ ഉൽപ്പന്ന നിർമ്മാണം നടത്തി വരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**<u>സാഫ് :-</u>** മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി സാഫ് വഴി നടപ്പിലാക്കിവരുന്നു. രണ്ട് മുതൽ അഞ്ച് വരെ അംഗബലത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ചെറുകിട തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ഇതുകൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങളും സ്കിൽ ട്രെയിനിംഗുകളും നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.

Fish Booth, Dry Fish, Fish processing units, Pickle, Ornamental Fish, Clam Processing, Peeling shed, Fish manure എന്നീ സംരംഭങ്ങൾ നടത്തുന്ന 295 യൂണിറ്റുകളാണ് ഈ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇതിൽ വാല്യൂ ആഡഡ് ഫിഷ് പ്രൊസസിംഗ് എന്ന നിലയിൽ പ്രവർത്തിക്കുന്ന 76 യൂണിറ്റുകൾ ഉണ്ട്. ഇതുവഴി 228 മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരതൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം

### മത്സ്യഫെഡ്

എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് ആൻഡ് ഫ്രീസിംഗ് പ്ലാന്റിൽ നിന്നും വിവിധതരം മത്സ്യ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ (ചെമ്മീൻ, ചൂര, ഓലക്കോടി, കണവ എന്നിവയുടെ അച്ചാറുകൾ) കട്‌ലറ്റ് തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾ കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ സാങ്കേതിക സഹായത്തോടെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ സ്വയംസഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി ടു ഈറ്റ് & റെഡി ടു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നീ മത്സ്യ ഉൽപ്പന്നങ്ങളും വിപണനം ചെയ്തുവരുന്നു. ഇവ വിവിധ ജില്ലകളിൽ സ്ഥാപിച്ച ഫിഷ് മാർട്ടുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഉൽപ്പന്നങ്ങൾക്ക് വ്യാപകമായ സ്വീകാര്യത ഉപഭോക്താക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതോടൊപ്പം ടി ഉൽപ്പന്നങ്ങൾ ഓൺലൈൻ ആയി കെ-ഷോപ്പിൽ (ഗവൺമെന്റ് ഓൺലൈൻ പ്ലാറ്റ്ഫോം) കൂടി വില്പനയും ആരംഭിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മത്സ്യത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന RIDF പദ്ധതി അന്തിമ ഘട്ടത്തിലാണ്. RIDF പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച മത്സ്യഫെഡിന്റെ ചെങ്ങന്നൂർ മുളക്കുഴയിലെ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന യൂണിറ്റ് ഉടൻ തന്നെ പ്രവർത്തന സജ്ജമാകും.

### കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യ സംസ്കരണ യൂണിറ്റിൽ സൗരോർജ്ജ ഡ്രയറിൽ വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളാക്കി വിവിധ സാങ്കേതിക സഹായത്തോടെ ഗുണഭോക്താക്കൾക്ക് എത്തിച്ചുവരുന്നു.

പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത വിവിധ മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' (DRISH KERALA) എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചു വരുന്നു. കൂടാതെ വിവിധയിനം മത്സ്യ അച്ചാറുകളും, മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും തദ്ദേശ വിപണികളിൽ എത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് പ്ലാന്റിൽ ഉൽപ്പന്ന നിർമ്മാണം നടത്തി വരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ "ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, കേന്ദ്ര ധനസഹായത്തോടെ Climate Resilient Coastal Fishermen Villages [CRCFV] 2024-25 എന്നീ പദ്ധതികളിൽ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി ഉതകുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത ആധുനിക മത്സ്യഗ്രാമം, ആറാട്ടുപുഴ, ആലപ്പുഴ :- 40 ലക്ഷം രൂപ അടങ്കൽ തുകയിൽ തെരെഞ്ഞെടുത്ത 20 മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് പോർട്ടബിൾ സോളാർ ഫിഷ് ഡ്രയർ വിതരണം.

2. സംയോജിത ആധുനിക മത്സ്യഗ്രാമം, ചെല്ലാനം, എറണാകുളം :- 140.40 ലക്ഷം രൂപ അടങ്കൽ തുകയിൽ തെരഞ്ഞെടുത്ത 18 മത്സ്യത്തൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇലക്ട്രിക് ഫിഷ് വെന്റിംഗ് ആട്ടോ കിയോസ്കുകളുടെ വിതരണം.

3. സംയോജിത ആധുനിക മത്സ്യഗ്രാമം, നായരമ്പലം, എറണാകുളം: 134.43 ലക്ഷം രൂപ അടങ്കൽ തുകയിൽ നായരമ്പലം ഫിഷ് ലാന്റിംഗ് സെന്ററിന് സമീപം ആധുനിക മത്സ്യസംസ്കരണ യൂണിറ്റ്. കൂടാതെ 37.50 ലക്ഷം രൂപ അടങ്കൽ തുകയിൽ തെരഞ്ഞെടുത്ത 5 മത്സ്യത്തൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇലക്ട്രിക് ഫിഷ് വെന്റിംഗ് ആട്ടോ കിയോസ്കുകളുടെ വിതരണം.

4. സംയോജിത ആധുനിക മത്സ്യഗ്രാമം, താനൂർ, മലപ്പുറം: 19.82 ലക്ഷം രൂപ അടങ്കൽ തുകയിൽ താനൂർ ഹാർബർ പരിസരത്ത് മത്സ്യസംസ്കരണ കിയോസ്ക്, 44.04 ലക്ഷം രൂപ അടങ്കൽ തുകയിൽ വിവിധയിനം വിഭവങ്ങൾ, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനായി സീഫുഡ് കഫറ്റേറിയ/മത്സ്യ ഉൽപ്പന്ന വിപണന യൂണിറ്റ്.

5. സംയോജിത ആധുനിക മത്സ്യഗ്രാമം, പൊന്നാനി, മലപ്പുറം: 19.90 ലക്ഷം രൂപ അടങ്കൽ തുകയിൽ പൊന്നാനി ഹാർബർ പരിസരത്ത് മത്സ്യസംസ്കരണ കിയോസ്ക്, 49.10 ലക്ഷം രൂപ അടങ്കൽ തുകയിൽ വിവിധയിനം വിഭവങ്ങൾ, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനായി സീഫുഡ് കഫറ്റേറിയ/മത്സ്യ ഉൽപ്പന്ന വിപണന യൂണിറ്റ്

6. സംയോജിത ആധുനിക മത്സ്യഗ്രാമം, ചാലിൽ ഗോപാലപേട്ട കണ്ണൂർ:- 39.00 ലക്ഷം രൂപ അടങ്കൽ തുകയിൽ തെരഞ്ഞെടുത്ത 5 മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇലക്ട്രിക് ഫിഷ് വെന്റിംഗ് ആട്ടോ കിയോസ്കുകളുടെ വിതരണം

7. സംയോജിത ആധുനിക മത്സ്യഗ്രാമം, ഷിറിയ, കാസർഗോഡ് : -1) 46.40 ലക്ഷം രൂപ അടങ്കൽ തുകയിൽ വിവിധയിനം വിഭവങ്ങൾ, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനായി സീഫുഡ് കഫറ്റേറിയ/മത്സ്യ ഉൽപ്പന്ന വിപണന യൂണിറ്റ്, (2) 20.20 ലക്ഷം രൂപ അടങ്കൽ തുകയിൽ മഞ്ചേശ്വരം ഹാർബർ പരിസരത്ത് മത്സ്യസംസ്കരണ കിയോസ്ക്, (3) 180.00 ലക്ഷം രൂപ അടങ്കൽ തുകയിൽ

മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് 10 മത്സ്യവിപണന കിയോസ്കുകളുടെ വിതരണം

8. സംയോജിത ആധുനിക മത്സ്യഗ്രാമം, എടക്കഴിയൂർ, തൃശ്ശൂർ:- 50.00 ലക്ഷം രൂപ അടങ്കൽ തുകയിൽ വിവിധയിനം വിഭവങ്ങൾ, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനായി സീഫുഡ് കഫറ്റേറിയ/ മത്സ്യ ഉൽപ്പന്ന വിപണന യൂണിറ്റ്

9. നായരമ്പലം (എറണാകുളം), ഇടക്കഴിയൂർ (തൃശ്ശൂർ), ചാലിയം (കോഴിക്കോട്) എന്നീ മത്സ്യഗ്രാമങ്ങളിൽ 305.6 ലക്ഷം രൂപയുടെ ഫിഷ് ലാന്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നു.

10. ആറാട്ടുപുഴ (ആലപ്പുഴ), നായരമ്പലം (എറണാകുളം) എന്നീ മത്സ്യഗ്രാമങ്ങളിൽ 206.2 ലക്ഷം രൂപയുടെ ഇക്കോട്ടൂറിസം നടപ്പിലാക്കുന്നു.

കൂടാതെ കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന - Climate Resilient Coastal Fishermen Villages [CRCFV] 2024-25 പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ മത്സ്യഗ്രാമങ്ങളിലായി 20 ഫിഷ് വെന്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുന്നു.

a. ഇരവിപുരം (കൊല്ലം) മത്സ്യഗ്രാമത്തിൽ - 1

b. അഴിക്കൽ (ആലപ്പുഴ) മത്സ്യഗ്രാമത്തിൽ - 4

c. ഞാറയ്ക്കൽ (എറണാകുളം) മത്സ്യഗ്രാമത്തിൽ - 3

d. തോട്ടപ്പള്ളി (ആലപ്പുഴ) മത്സ്യഗ്രാമത്തിൽ -4

e. പള്ളം (തിരുവനന്തപുരം) മത്സ്യഗ്രാമത്തിൽ - 4

f. എടവനക്കാട് (എറണാകുളം) മത്സ്യഗ്രാമത്തിൽ - 4

<u>**സാഫ് :-**</u> മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി സാഫ് വഴി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ Dry Fish, Mobile Fish vending, Fish /Prawn Pickle, Clam Processing, Fish booth and cold storage, Fish/Prawns Chutney Powder, Prawns/Fish ready to cook, Dry Fish Roast, Fish mixture, Fish finger, Fish cutlet എന്നീ Value Added Fish Products തയ്യാറാക്കുന്ന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വാദിഷ്ടമായ ചെമ്മീൻ/മത്സ്യവിഭവങ്ങൾ തയ്യാറാക്കുന്ന ചെറിയ ഹോട്ടലുകളും സീ ഫുഡ് റസ്റ്റോറന്റുകളും സാഫിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

രണ്ട് മുതൽ അഞ്ച് വരെ അംഗബലത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളിലെ ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം

ഗുണഭോക്തൃ വിഹിതവുമാണ്. ഇതുകൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങളും സ്കിൽ ട്രെയിനിങ്ങുകളും നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.

സാഫ് ചെറുകിട തൊഴിൽ സംരംഭങ്ങളുടെ യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർ മാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സീ ഫുഡ് റസ്റ്റോറന്റുകൾക്കും 1.50 ലക്ഷം രൂപ വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു.

2. യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ നവീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങുക, യൂണിറ്റ് നവീകരണം എന്നിവയ്ക്കായി 50,000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റ് നൽകുന്നു.

3. ഗ്രൂപ്പുകൾക്കായി 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശ സബ്സിഡി അനുവദിക്കുന്നു.

4. ആകർഷകമായ പാക്കിംഗിലും ലേബലിംഗിലും യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് ബ്രാന്റിംഗ് & മാർക്കറ്റിംഗ് സംവിധാനം ഒരുക്കുന്നു.

5.ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിക്കുന്നു. ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളും എക്സിബിഷനുകളും പങ്കെടുപ്പിക്കുകയും അതു വഴി അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുന്നതിന് സഹായിക്കുന്നു.

6. യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ മാർക്കറ്റിംഗ് & സെയിൽ സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സഹായിക്കുന്നു.

കൂടാതെ സാഫ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- **Common Facility Centre & Producer Company** : - Fish & Fish Processing, Food & Food Processing, Tailoring & Garments ഉൾപ്പെടുന്ന യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി ഓരോ കാറ്റഗറിക്കും ജില്ലാതലത്തിൽ പ്രത്യേക ക്ലസ്റ്ററുകൾ രൂപീകരിച്ച് യൂണിറ്റുകൾ ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി ഈ ഉൽപ്പന്നങ്ങൾ Common Facility Centre-കളിൽ ശേഖരിക്കുന്നതിനും ഇങ്ങനെ ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ ആകർഷകമായ പാക്കിംഗിലും ബ്രാൻഡിലും വിപണിയിൽ എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ആവശ്യമായ Technical Support, Managerial assistance, Manpower, Logistics, Branding & Marketing മുതലായ handholding support നൽകുന്നതാണ്. ഓരോ ക്ലസ്റ്ററുകളിലും ഉൾപ്പെട്ട യൂണിറ്റുകൾക്ക് ആവശ്യമായ സ്കിൽ അപ് ഗ്രഡേഷൻ ട്രെയിനിംഗുകൾ നൽകുന്നതാണ്. ഡിജിറ്റൽ മാർക്കറ്റിംഗ്, ഓൺലൈൻ സെയിൽസ്, പ്രോഡക്ട് പ്രൊമോഷൻ എന്നിവ വിപുലപ്പെടുത്തി സാഫ് ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ് സൈറ്റുകളിൽ ലഭ്യമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോർ

ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും ബയർ സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

- **കടൽ കഫെ** :- മത്സ്യവിഭവങ്ങൾക്ക് പ്രധാന്യം നൽകിക്കൊണ്ട് ഒരേ ബ്രാൻഡിൽ കടൽ കഫെ എന്ന പേരിൽ ഭക്ഷ്യ വിപണന ശൃംഖല ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരദേശ ജില്ലകളിൽ ഒരു കേന്ദ്രീകൃത കിച്ചൻ സജ്ജമാക്കിക്കൊണ്ട് പ്രധാന ലോക്കേഷനുകളിൽ 25-30 Take-away കൗണ്ടറുകൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ഉപഭോക്താക്കളിലേക്ക് കടൽ കഫെ എത്തിക്കുന്നതിന്റെ ഭാഗമായി ആകർഷകമായും ഗുണനിലവാരത്തിലും Take-away കൗണ്ടറുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

Schitha

സെക്ഷൻ ഓഫീസർ